# 44

# താഴെയുള്ള താഴ്‌വരയിൽ

## (17:14- 27)

അദ്ധ്യായം 17 തുറക്കുമ്പോൾ, ഉയർന്ന പർവ്വതത്തിൽനിന്നു രംഗം താഴെയുള്ള താഴ്‌വരയിലേക്കു മാറുകയാണ്. താഴെയായിരുന്ന ശിഷ്യന്മാർക്ക് ഒരു കുട്ടിയെ ബാധിച്ചിരുന്ന ഭൂതത്തെ ഒഴിപ്പിക്കുവാൻ കഴിഞ്ഞില്ല (17:14–21). സ്പഷ്ടമായും, അവർ ദൈവശക്തിയിൽ ആശ്രയിക്കുന്നതിനുപകരം, സ്വന്തം കഴിവിൽ ആശ്രയിച്ചതിനാലാണ് പരാജയപ്പെട്ടത്. അവരുടെ വിശ്വാസക്കുറവ് ആ തലമുറയെയായിരുന്നു പ്രതിനിധീകരിച്ചിരുന്നത്, അത് യേശു അവരെ ശാസിക്കുവാനുമിടയാക്കി. അതിൽനിന്നു വ്യത്യസ്തമായി യേശു ആ ബാലനെ ഉടനെ സൗഖ്യമാക്കി.

പുരുഷാരത്തോടുകൂടിയ ആ രംഗത്തെ തുടർന്നു, അവൻ ഗലീലയിൽ തന്നെ ആയിരിക്കുമ്പോൾ, തനിക്ക് നേരിടുവാനുള്ള മരണത്തെ കുറിച്ചു യേശു മുന്നറിയിച്ചു (17:22, 23). ഇപ്പോൾ, ആ സമയവും സ്ഥലവും ഭാവിയിലേക്ക് ശിഷ്യന്മാരെ ഒരുക്കുന്നതിനായി തിരഞ്ഞെടുത്തു.

അദ്ധ്യായത്തിന്റെ അവസാനം, അവർ കഫർന്നഹൂമിലായിരുന്നപ്പോൾ, കരം കൊടുക്കുന്നതിനെ കുറിച്ചുള്ള പ്രശ്നം കൈകാര്യം ചെയ്തു (17:24–27). മുൻപിലത്തേതുപോലെ, യേശുവിന്റേയും ശിഷ്യന്മാരുടേയും ആവശ്യങ്ങൾ ദൈവം നിറവേറ്റിക്കൊണ്ടിരുന്നു.

### ഭൂത-ബാധിതനായ ബാലനെ സൗഖ്യമാക്കൽ (17:14-21)

#### ബാലനെ യേശു സൗഖ്യമാക്കുന്നു (17:14-18)

**14അവർ പുരുഷാരത്തിന്റെ അടുക്കൽ വന്നാറെ ഒരു മനുഷ്യൻ വന്നു
അവന്റെ മുമ്പാകെ മുട്ടുകുത്തി, 15“കർത്താവേ, എന്റെ മകനോട് കരുണയു
ണ്ടാകേണമേ. അവൻ ചന്ദ്രരോഗം പിടിച്ച് പലപ്പോഴും വെള്ളത്തിലും, പ
ലപ്പോഴും തീയിലും വീണു വല്ലാത്ത കഷ്ടതയിലായി പോകുന്നു. 16ഞാൻ
അവനെ നിന്റെ ശിഷ്യന്മാരുടെ അടുക്കൽ കൊണ്ടുവന്നു. എന്നാൽ സൗഖ്യം
വരുത്തുവാൻ അവർക്ക് കഴിഞ്ഞില്ല എന്നു പറഞ്ഞു.” 17അതിന്നു യേശു
അവിശ്വാസവും കോട്ടവുമുള്ള തലമുറയേ, എത്രത്തോളം ഞാൻ നിങ്ങ
ളോടുകൂടെ ഇരിക്കും? എത്രത്തോളം നിങ്ങളെ സഹിക്കും? അവനെ എന്റെ
അടുക്കൽ കൊണ്ടുവരുവിൻ എന്നു പറഞ്ഞു. 18യേശു ഭൂതത്തെ ശാസിച്ചു.
അതു അവനെ വിട്ടുപോയി. ബാലന്നു ആ നാഴികമുതൽ സൗഖ്യം വന്നു.**

മഹത്വത്തിന്റെ പർവ്വതശിഖരത്തിൽനിന്നു രംഗം നിരാശയുടെ താഴ്‌വരയിലേക്ക് മാറി. രംഗം പൂർണ്ണമായി മനസിലേക്ക് ചിത്രമായി കൊണ്ടുവരുവാൻ സഹായിക്കുന്ന കൂടുതൽ വിവരങ്ങൾ മർക്കൊസ് നൽകുന്നു. യേശുവും മൂന്നു അപ്പൊസ്തലന്മാരും പർവ്വതത്തിൽനിന്നിറങ്ങി വന്നപ്പോൾ, കണ്ടുമുട്ടി

യത് കുഴപ്പം പിടിച്ച പുരുഷാരത്തെയായിരുന്നു. യേശു വിട്ടുപോയ ഒമ്പതു അപ്പൊസ്തലന്മാർ ബഹളം വെക്കുന്ന പുരുഷാരത്തിനിടയിലായിരുന്നു (മർ. 9:14–16). അവൻ തന്റെ മകനെ സൗഖ്യമാക്കും എന്നു വിചാരിച്ച്, മനോവ്യഥയുള്ള അപ്പൻ ഭൂത-ബാധിതനായ മകനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. യേശു അവിടെ ഇല്ലാതിരുന്നതിനാൽ, സന്നിഹിതരായിരുന്ന അപ്പൊസ്തലന്മാരുടെ അടുക്കൽ ആദ്യം കൊണ്ടുവന്നു. ഒരുപക്ഷെ അപ്പൊസ്തലന്മാർ മുൻപ് ചെയ്ത വീര്യപ്രവൃത്തികളെ കുറിച്ച് അവൻ കേട്ടിരിക്കാം (മർ. 6:13). മുമ്പിലത്തെ ഫലം എന്തായിരുന്നാലും, ഈ പ്രാവശ്യം അവർ ദയനീയമായി പരാജയപ്പെട്ടു.

പുരുഷാരം ഒമ്പത് അപ്പൊസ്തലന്മാരെ വളഞ്ഞിരിക്കുകയും, ശാസ്ത്രിമാർ അവരോട് വാദിക്കുകയും ചെയ്തുകൊണ്ടിരുന്നു (മർ. 9:14). ഭൂതത്തെ പുറത്താക്കുവാൻ കഴിയാതിരുന്ന അപ്പൊസ്തലന്മാരെ അവർ ശകാരിക്കുകയായിരുന്നു എന്ന കാര്യത്തിൽ സംശയമില്ല. യേശു പെട്ടെന്ന് പ്രത്യക്ഷനായപ്പോൾ, പുരുഷാരം വിസ്മയിക്കുകയും, അവർ അവന്റെ അടുക്കലേക്ക് ഓടിക്കൂടുകയും ചെയ്തു (മർ. 9:15). അവർ അത്രമാത്രം വിസ്മയിക്കുവാൻ കാരണമെന്താണ്? മോശെ സിനായ് പർവ്വതത്തിൽനിന്നും ഇറങ്ങി വന്നപ്പോഴത്തേതുപോലെ, പർവ്വതത്തിൽ വെച്ച് ലഭിച്ച മഹത്വത്തിന്റെ അംശം അപ്പോഴും അവനിൽ ഉണ്ടായിരുന്നോ (പുറ. 34:29–35)? അത് ചോദ്യം ചെയ്യപ്പെടാവുന്നതാണെങ്കിലും, ഇറങ്ങി വന്ന മോശെയുടേയും യേശുവിന്റേയും കാര്യത്തിൽ ഒരു സമാനത കാണാം. ന്യായപ്രമാണ ദാതാവായിരുന്ന മോശെ സിനായ് പർവ്വതത്തിൽനിന്നും തേജസിൽ പ്രവേശിച്ച ശേഷം, ഇറങ്ങി വന്നത് കുഴപ്പമുള്ള ജനത്തിലേക്കായിരുന്നു. അതുപോലെ, ഒമ്പതു അപ്പൊസ്തലന്മാരെ യേശു പിന്നിൽ വിട്ടിട്ട് പോയതുപോലെ, മോശെ വിട്ടുപോയ (അഹരോനും, ഹൂരും) അവരുടെ വിശ്വാസത്തിൽ ഇടറിപ്പോയിരുന്നു (പുറ. 24:12–18; 32:1–35).

**വാക്യങ്ങൾ 14, 15.** ആശ്ചര്യപ്പെട്ട്, തന്റെ ശിഷ്യന്മാരോട് സംസാരിച്ചതെന്തെന്ന് യേശു ശാസ്ത്രിമാരോട് ചോദിച്ചു (മർ. 9:16). ആ സമയത്ത്, ഭൂതബാധിതന്റെ അപ്പൻ **യേശുവിന്റെ** അടുക്കൽ **വന്നു** മുട്ടുകുത്തി തന്റെ **മകനോട് കരുണ** കാണിക്കേണം എന്ന് അപേക്ഷിച്ചു. യേശു ശാസ്ത്രിമാരോട് ചോദിച്ചതിന്റെ പ്രതികരണമായി, ആ മനുഷ്യൻ അത്യുച്ചത്തിലായിരുന്നു പറഞ്ഞത് (മർ. 9:17; ലൂക്കൊ. 9:38). അവൻ യേശുവിനോട് യാചിച്ചു, "മനസലിഞ്ഞു ഞങ്ങളെ സഹായിക്കേണമേ എന്നു പറഞ്ഞു." (മർ. 9:22).

ബാലന്റെ അവസ്ഥ അപ്പൻ യേശുവിനോട് വിവരിച്ചു പറഞ്ഞു: **"അവൻ ചന്ദ്രരോഗം പിടിച്ച് പലപ്പോഴും തീയിലും പലപ്പോഴും വെള്ളത്തിലും വീണു വല്ലാത്ത കഷ്ടതയിലായിപോകുന്നു."** "ലുണട്ടിക്ക്" എന്നതിന്റെ ഗ്രീക്ക് വാക്ക് (*സെലേനിയാസോമായി*) "ചന്ദ്രനു" മായി (*സെലേനേ*) ബന്ധപ്പെട്ടതാണ്.[1] പുരാതനമായ ചില വിശ്വാസമനുസരിച്ച് ചിലർക്ക് ചന്ദ്രന്റെ ചില ദിശയിൽ മാനസികവും ശാരീരികവുമായ അസ്വസ്ഥതകളുണ്ടാകും എന്നാണ് പറയപ്പെടുന്നത്. ഊമനും ചെകിടനുമായിരുന്നതിനു പറുമെ, ഈ ബാലന് അപസ്മാരവുമുണ്ടായിരുന്നു എന്നു തോന്നുന്നു (മർ. 9:17, 18, 25; ലൂക്കൊ. 9:39, 42). ആ അവസ്ഥ അവന്റെ ജീവിതത്തെ താറുമാറാക്കിയിരുന്നു, കാരണം തീയിലും വെള്ളത്തിലും വീണുകൊണ്ടിരുന്നു എന്നാണ് പറഞ്ഞിരിക്കുന്നത് (മർ. 9:18, 22). ആ കുട്ടിയെ നിയന്ത്രിച്ചിരുന്നത് ബാല്യം മുതൽ അവനെ ബാധിച്ചിരുന്ന

ഭൂതമായിരുന്നു എന്നാണ് പറഞ്ഞിരിക്കുന്നത് (മർ. 9:21, 25).

**വാക്യം 16.** തന്റെ മകനെ ബാധിച്ചിരുന്ന ഭൂതത്തെ അവന്റെ **ശിഷ്യന്മാർക്കു** പുറത്താക്കുവാൻ കഴിയാതിരുന്നതിൽ അവൻ നിരുൽസാഹപ്പെട്ടിരുന്നു. മറ്റു റബ്ബിമാരുടെ ശിഷ്യന്മാരും ഭൂതങ്ങളെ പുറത്താക്കുവാൻ കഴിയുമെന്ന് അവകാശപ്പെട്ടിരുന്നു, അവരിൽനിന്നു വേർതിരിച്ച് **നിന്റെ** ശിഷ്യന്മാർ എന്നാണ് അവൻ അവരെ കുറിച്ചു പറഞ്ഞത് (12:27 ന്റെ പരാമർശം നോക്കുക). കുട്ടിയുടെ അവസ്ഥ നോക്കുമ്പോൾ ആ പിതാവിന്റെ മനോവ്യഥ നമുക്ക് ഊഹിക്കാവുന്നതേയുള്ളു.

യേശുവിനെ കുറിച്ചു കേട്ട ആ പിതാവ്, കർത്താവ് തന്റെ മകനെ സൗഖ്യമാക്കുമെന്ന അതിയായ പ്രത്യാശയോടുകൂടിയായിരുന്നു അവനെ കൊണ്ടുവന്നത്, പക്ഷെ അവന്റെ ശിഷ്യന്മാർക്ക് അവനെ സൗഖ്യമാക്കുവാൻ കഴിയാതിരുന്നതുകൊണ്ട്, ഇപ്പോൾ യേശുവിനും സൗഖ്യമാക്കുവാൻ കഴിയുമോ എന്ന സംശയത്തിന്റെ നിഴലിലായിരുന്നു അവൻ. ആ അപ്പനും യേശുവും തമ്മിലുള്ള സംഭാഷണം മർക്കൊസ് വിവരിക്കുന്നത് ആ സൂചനയാണ് നൽകുന്നത്. സഹായിക്കണം എന്ന് അപേക്ഷിച്ച് ആ അപ്പൻ പറഞ്ഞു, "നിന്നാൽ വല്ലതും കഴിയുമെങ്കിൽ, മനസലിഞ്ഞു ഞങ്ങളെ സഹായിക്കേണമേ" യേശു അതിനോട് പ്രതികരിച്ചു, "വിശ്വസിക്കുന്നവന്നു സകലവും കഴിയും" (മർ. 9:23). ബാലന്റെ അപ്പൻ "ഉടനെ നിലവിളിച്ചു ... പറഞ്ഞു, കർത്താവേ, ഞാൻ വിശ്വസിക്കുന്നു, 'എന്റെ അവിശ്വാസത്തിന്നു സഹായിക്കേണമേ' " (മർക്കൊ. 9:24).

**വാക്യം 17.** ശിഷ്യന്മാരടക്കമുള്ള പുരുഷാരത്തോടായിരുന്നു യേശുവിന്റെ ശക്തമായ ഭാഷ. ആത്മരോദനത്തോടുകൂടി അവൻ അത്യുച്ചത്തിൽ പറഞ്ഞു, "**അവിശ്വാസവും കോട്ടവുമുള്ള തലമുറയേ, എത്രത്തോളം ഞാൻ നിങ്ങളോടുകൂടെയിരിക്കും? എത്രത്തോളം നിങ്ങളെ സഹിക്കും? അവനെ എന്റെ അടുക്കൽ കൊണ്ടുവരുവിൻ**." അവരുടെ വിശ്വാസത്തിന്റേയും ആത്മിയതയുടേയും കുറവ് യേശുവിനു അസഹനീയമായിരുന്നു. മൽസരിച്ച യിസ്രായേലിനെ കുറിച്ചു ആവർത്തനപുസ്തകം. 32:5, 20 പറഞ്ഞതുമായി ഒക്കുന്നതായിരുന്നു "അവിശ്വാസവും കോട്ടവുമുള്ള തലമുറ" എന്ന പ്രയോഗം (മത്താ. 12:39; 16:4; പ്രവൃ. 2:40; ഫിലി. 2:15).

**വാക്യം 18.** ആ ബാലനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നപ്പോൾ, ഭൂതം അവനെ സംക്ഷോഭിപ്പിച്ച് നിലത്ത് തള്ളിയിട്ടു എന്നാണ് മർക്കൊസിന്റേയും ലൂക്കൊസിന്റേയും വിവരണങ്ങൾ സൂചിപ്പിക്കുന്നത് (മർ. 9:26; ലൂക്കൊ. 9:42). മത്തായിയുടെ വിവരണം പറയുന്നത്, **യേശു അവനെ ശാസിച്ചപ്പോൾ, ഭൂതം അവനെ വിട്ടുപോകയും ബാലന് ഉടനെ സൗഖ്യമാകയും ചെയ്തു എന്നാണ്.** മർക്കൊസ് പറയുന്നത്, യേശു കൽപിച്ചപ്പോൾ, ഭൂതം അവനെ ജീവനില്ലാത്തവനായി വിട്ടേച്ചു പോയി. അതു കണ്ടവർ ബാലൻ മരിച്ചുപോയി എന്നു വിചാരിച്ചു എന്നാണ് (മർ. 9:26). പിന്നെ, യേശു അവന്റെ കൈക്കു പിടിച്ചു എഴുന്നേൽപിച്ച്, അവനെ അവന്റെ അപ്പന് തിരികെ ഏൽപിച്ചുകൊടുത്തു (മർ. 9:27; ലൂക്കൊ. 9:42). തൽഫലമായി ആളുകൾ "ദൈവത്തിന്റെ മഹിമയിൽ വിസ്മയിച്ചു" (ലൂക്കൊ. 9:43).

### ശിഷ്യന്മാരുടെ പരാജയ കാരണം യേശു വിശദമാക്കി (17:19-21)

**19പിന്നെ ശിഷ്യന്മാർ സ്വകാര്യമായി യേശുവിന്റെ അടുക്കൽ വന്നു.**

**"ഞങ്ങൾക്ക് അതിനെ പുറത്താക്കി കൂടാഞ്ഞത്" എന്ത് എന്നു ചോദിച്ചു. [20]അവൻ അവരോട്, "നിങ്ങളുടെ അൽപവിശ്വാസം നിമിത്തം അത്രേ. [21] നിങ്ങൾക്ക് കടുകു മണിയോളം വിശ്വാസം ഉണ്ടെങ്കിൽ, ഈ മലയോട് ഇവിടെനിന്നു അങ്ങോട്ട് നീങ്ങുക എന്നു പറഞ്ഞാൽ അതു നീങ്ങും.നിങ്ങൾക്ക് ഒന്നും അസാധ്യമാകയുമില്ല. [എങ്കിലും, പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങി പോകയില്ല എന്നു ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു.]"**

**വാക്യം 19.** യേശു ബാലനിൽനിന്നു ഭൂതത്തെ പുറത്താക്കിയശേഷം, **ശിഷ്യന്മാർ രഹസ്യമായി യേശുവിന്റെ അടുക്കൽവന്നു.** മർക്കൊസ് 9:28 പറയുന്നത്, ആ സംഭവത്തിന്റെ ഒരു ഭാഗം ഒരു വീട്ടിലാണ് നടന്നത് എന്നാണ്. ശിഷ്യന്മാർ യേശുവിനോട് ചോദിച്ചു, **"ഞങ്ങൾക്ക് അതിനെ പുറത്താക്കുവാൻ കഴിയാഞ്ഞത് എന്ത്?"** ഗ്രീക്കിൽ "ഞങ്ങൾ" എന്നത് ഊന്നിയാണ് പറഞ്ഞിരിക്കുന്നത്. യേശു അവർക്ക് അത്ഭുത ശക്തി പ്രദാനം ചെയ്തശേഷം, സ്പഷ്ടമായും, അവർ ഭൂതങ്ങളെ പുറത്താക്കിക്കൊണ്ടിരുന്നതാണ് (മർ. 6:7, 13).

**വാക്യം 20.** അവരുടെ **അൽപ വിശ്വാസം നിമിത്തമാണ്** അവർക്ക് ഭൂതത്തെ പുറത്താക്കുവാൻ കഴിയാഞ്ഞത് എന്നാണ് ആദ്യം അവൻ അവരുടെ ചോദ്യത്തോട് പ്രതികരിച്ചത്. അവരുടെ അൽപ വിശ്വാസത്തെ യേശു ശാസിക്കേണ്ടത് ആവശ്യമായിരുന്നു (6:30; 8:26; 14:31; 16:8). അവർക്ക് **കടുക് മണിയോളം വിശ്വാസം ഉണ്ടെങ്കിൽ, മലയെ നീക്കുവാൻ** കഴിയും എന്നും അവൻ പറഞ്ഞു. കടുകു മണിയുടെ വലിപ്പത്തെ പഴഞ്ചൊല്ലാക്കി മാറ്റിയിരിക്കുകയാണ് (13:31, 32 ന്റെ പരാമർശം നോക്കുക), എന്നാൽ പർവ്വതം അതിന്റെ വലിപ്പത്തിനും ഉറപ്പിനും പ്രസിദ്ധമാണ്. ഒരിക്കൽകൂടെ, യേശു വലുതും ചെറുതുമായ അന്തരം വ്യക്തമാക്കുവാൻ ഒരു ചിത്രീകരണം നൽകുകയാണ് (7:3, 4; 19:24; 23:24 നോക്കുക).

വാസ്തവത്തിൽ ഒരു പർവ്വതത്തെ എങ്ങനെ നീക്കണം എന്ന പാഠമായിരുന്നില്ല യേശു നൽകിയത്. അവനോ അവന്റെ ശിഷ്യന്മാരോ അത്തരം പരിശ്രമം നടത്തിയതായി ഒരു തെളിവുമില്ല. അസാധ്യമായ ചില തടസങ്ങളെ അതിജീവിക്കുവാനുള്ള പാടവത്തെ പറയുന്ന പ്രയോഗമാണ് "മല നീക്കൽ." (21:21; 1 കൊ. 13:2). വില്യം ബാർക്ലേ എഴുതി,

> തിരുവെഴുത്ത് പൊരുൾതിരിച്ച് വ്യാഖ്യാനിക്കുവാനും, വിശദീകരിക്കുവാനും, ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാനും കഴിവുള്ള ഒരു വലിയ ഗുരുവിനെ,*അപ്റൂട്ടർ* അല്ലെങ്കിൽ പർവ്വതം *പൊടിക്കുന്ന ആൾ* എന്നാണ് വിളിക്കുന്നത്. കീറുക, പിഴുതെടുക്കുക, പർവ്വതങ്ങളെ പൊടിക്കുക എന്നിവക്ക് ഉപയോഗിക്കുന്ന പ്രയോഗങ്ങളെല്ലാം ബുദ്ധിമുട്ട് ഒഴിവാക്കുക എന്നാണ് അർത്ഥമാക്കുന്നത്. യേശു അത് ഒരിക്കലും അക്ഷരികമായോ, ഭൗതികമായോ എടുക്കുവാനായിരുന്നില്ല ഉദ്ദേശിച്ചത് ... അവൻ അർത്ഥമാക്കിയത്: "നിങ്ങൾക്ക് മതിയായ വിശ്വാസം ഉണ്ടെങ്കിൽ, എല്ലാ ബുദ്ധിമുട്ടുകളും പരിഹരിക്കുവാൻ കഴിയും, വിഷമം പിടിച്ച പ്രവൃത്തികൾ ചെയ്തു നേട്ടം കൈവരിക്കുവാനും കഴിയും." ദൈവത്തിലുള്ള വിശ്വാസം എന്ന ഉപകരണമാണ് മനുഷ്യന് കുന്നുകളോളമുള്ള അവന്റെ വഴിയിലെ തടസങ്ങൾ മാറ്റുവാൻ ഉള്ളത്.[2]

ഈ മനസിലാക്കലിന് യേശുവിന്റെ വിവേചന വാക്കുകളായ ''**നിങ്ങൾക്ക് ഒന്നും അസാധ്യമാകുകയില്ല**" എന്നതു പിന്തുണക്കുന്നു. തങ്ങളുടെ ശക്തി ദൈവത്തിൽനിന്നാണ് വരുന്നതെന്നു തിരിച്ചറിയാതെ ഒരുപക്ഷെ അവർ തങ്ങളുടെ ശക്തിയിൽ ആശ്രയിച്ചിരിക്കാം.

**വാക്യം 21.** അവരുടെ പരാജയത്തിനു കാരണമായി യേശു നൽകിയ രണ്ടാമത്തെ കാരണം, വിഷമം പിടിച്ച **ഇത്തരം ഭൂതത്തെ പുറത്താക്കുവാൻ അധികം പ്രാർത്ഥനയും ഉപവാസവും** ആവശ്യമാണ് എന്നതാണ്. വിവിധ രീതിയിൽ വ്യത്യസ്ത ശക്തിയുള്ള ഭൂതങ്ങളുണ്ട് എന്നതാണ് ആ ഭാഷ വ്യക്തമാക്കുന്നത്.

പല പുരാതന കയ്യെഴുത്തു പ്രതികളിലും ഇല്ലാത്തതിനാൽ, വാക്യം 21 വേദഭാഗത്ത് ഉൾപ്പെടുത്തുന്ന കാര്യത്തിൽ ചോദ്യം ഉയർന്നിട്ടുണ്ട്. എൻഏഎസ്ബിയിൽ വാക്യം ഉൾപ്പെടുത്തിയിട്ടുണ്ട്, പക്ഷെ ബ്രാക്കറ്റിലാണ് കൊടുത്തിരിക്കുന്നത്. ബ്രൂസ് എം. മെറ്റ്സ്ജെർ പറഞ്ഞത്, പകർത്തി എഴുതിയവർ അത് മർക്കൊസ് 9:29 കടമെടുത്തു ചേർത്തതാകാം എന്നാണ്. വേദഭാഗത്ത്, യേശു പറഞ്ഞു, "പ്രാർത്ഥനയാലല്ലാതെ, ഈ ജാതി ഒന്നിനാലും പുറപ്പെട്ടുപോകയില്ല.'' എങ്ങനെയായാലും, ചില പുരാതന കയ്യെഴുത്തുപ്രതികളിൽ മർക്കൊസിലെ "ഉപവാസം" എന്ന വാക്കും ചേർത്തിരിക്കുന്നു (കെജെവി).[3]

## തന്റെ ആസന്നമായ മരണത്തെ കുറിച്ച് യേശു രണ്ടാമതും അറിയിക്കുന്നു (17:22, 23)

**[22]അവർ ഗലീലയിൽ സഞ്ചരിക്കുമ്പോൾ, യേശു അവരോട്, "മനുഷ്യപുത്രൻ മനുഷ്യരുടെ കയ്യിൽ ഏൽപിക്കപ്പെടുവാനിരിക്കുന്നു. [23]അവർ അവനെ കൊല്ലുകയും മൂന്നാം നാൾ അവൻ ഉയർത്തെഴുന്നേൽക്കുകയും ചെയ്യുമെന്ന് പറഞ്ഞു." അവരോ ഏറ്റവും ദുഃഖിച്ചു.**

**വാക്യങ്ങൾ 22, 23.** ഭൂമിയിലെ തന്റെ അവശേഷിക്കുന്ന സമയത്തിൽ, അധിക സമയവും ശിഷ്യന്മാരോടൊപ്പവും വളരെ കുറച്ചു സമയം മാത്രം പുരുഷാരത്തോടൊപ്പവും **യേശു** ചെലവിട്ടു. ഈ സമയത്ത് ആസന്നമായ തന്റെ മരണത്തെ കുറിച്ച് യേശു ഓർപ്പിച്ചുകൊണ്ടാണിരുന്നത്. ഈ വാക്യങ്ങളിൽ, തന്റെ മരണത്തെ കുറിച്ച് ശിഷ്യന്മാരോട് വളരെ വ്യക്തമായി പറഞ്ഞു (16:21 ന്റെ പരാമർശം നോക്കുക).

മുൻപിൽ പ്രകടിപ്പിച്ചതിനേക്കാൾ ഇപ്പോഴത്തെ മുന്നറിയിപ്പ് വികാരം കൂടുതൽ വ്യക്തത ജനിപ്പിച്ചു. മരിക്കുവാനിരിക്കുന്ന സ്ഥലമായ യെരുശലേം ഒഴിവാക്കപ്പെട്ടു. കൂടാതെ, തന്റെ മരണത്തിനു കാരണക്കാരായ-മൂപ്പന്മാർ, മഹാപുരോഹിതന്മാർ, ശാസ്ത്രിമാർ എന്നിവരെയും-ഇപ്പോൾ പറയുന്നില്ല. **മനുഷ്യപുത്രൻ മനുഷ്യരുടെ കയ്യിൽ ഏൽപിക്കപ്പെടും** എന്ന പുതിയ വിശദാംശമാണ് ഇപ്പോൾ യേശു നൽകുന്നത്. അപ്പൊസ്തലന്റെ പേരെടുത്തു പറയാതെ, യൂദാ തന്നെ ഒറ്റിക്കൊടുക്കുമെന്ന സൂചനയായിരിക്കാം ഇവിടെ യേശു നൽകിയത്.[4] അവൻ ആദ്യം ഏൽപിക്കപ്പെടുന്നത് യെഹൂദ മതാദ്ധ്യക്ഷന്മാരുടെ കൈകളിലാണ്. യേശുവിനെ ഒറ്റിക്കൊടുക്കാമെന്ന് യൂദാ സമ്മതിച്ചതു അവരുമായിട്ടായിരുന്നു (26:47, 48). ന്യായാധിപസഭയുടെ നിയന്ത്രണത്തിലായിരുന്ന ദൈവാ

ലയ കാവൽക്കാരൻ ("മഹാപുരോഹിതന്മാരിൽനിന്നുള്ള ഉദ്യോഗസ്ഥന്മാർ"; യോഹ. 18:3) യേശുവിനെ തോട്ടത്തിൽ വെച്ച് പിടിപ്പാൻ തീരുമാനിച്ചിരുന്നു.[5] അവനെ ആക്ഷേപിച്ചതും, ഒന്നിനൊന്നു ക്രൂരമായ വിചാരണ നടത്തിയതും യെഹൂദന്മാരായിരുന്നു (26:57-68; യോഹ. 18:12-14), പിന്നെ അവനെ ക്രൂശിൽ തറെക്കേണ്ടതിന്നു പിലാത്തൊസിനെ ഏൽപിച്ചു (27:1, 2, 19-23).

**താൻ മൂന്നാം നാൾ ഉയർത്തെഴുന്നേൽക്കുമെന്ന്** യേശു മുന്നറിയി [ച്ചിരുന്നു] (16:21 ന്റെ പരാമർശം നോക്കുക). അവനെ ക്രൂശിച്ച് മൂന്നു നാൾ കഴിഞ്ഞ് അവൻ ഉയർത്തെഴുന്നേറ്റപ്പോൾ അതു നിറവേറപ്പെട്ടു. വെള്ളിയാഴ്ച്ച യേശുവിനെ ക്രൂശിൽ തറെച്ചു, ശബ്ബത്ത് ആരംഭിക്കുന്നതിനു മുമ്പ് വൈകുന്നേരം 6.00 മണിക്ക് പെട്ടെന്ന് അവനെ അടക്കം ചെയ്തു (27:57-61; മർ. 15:42-47; ലൂക്കൊ. 23:50-55; യോഹ. 19:31-42). ശബ്ബത്തു മുഴുവനും അവന്റെ ശരീരം കല്ലറയിലായിരുന്നു (27:62-66; ലൂക്കൊ 23:56). പിന്നെ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ കാലത്ത് അവൻ ഉയർത്തെഴുന്നേറ്റു (28:1-7; മർ. 16:1-8; ലൂക്കൊ. 24:1-7; യോഹ. 20:1-9).

യേശുവിന്റെ മുന്നറിയിപ്പ് ശിഷ്യന്മാർക്ക് മനസിലായില്ല, പ്രത്യേകിച്ച് അവന്റെ ഉയിർത്തെഴുന്നേൽപ് ഭാഗം (മർ. 9:32). **അവനെ കൊല്ലും** എന്ന മുന്നറിയിപ്പിലാണ് അവർ ശ്രദ്ധിച്ചത്, അക്കാരണത്താൽ അവർ **വളരെ ദുഃഖിച്ചു.**

## കരം കൊടുക്കൽ
## (17:24-27)

**24അവർ കഫർന്ന ഹൂമിൽ എത്തിയപ്പോൾ, ദ്വിദ്രഹ്മ പണം വാങ്ങുന്നവർ പത്രൊസിന്റെ അടുക്കൽ വന്നു "നിങ്ങളുടെ ഗുരു ദ്വിദ്രഹ്മ പണം കൊടുക്കുന്നില്ലയോ" എന്നു ചോദിച്ചതിന്, "ഉവ്വ്" എന്നു അവൻ പറഞ്ഞു. 25അവൻ വീട്ടിൽ വന്നപ്പോൾ, യേശു അവനോട്, "ശിമോനേ, നിനക്ക് എന്തു തോന്നുന്നു? ഭൂമിയിലെ രാജാക്കന്മാർ ചുങ്കമോ കരമോ ആരോട് വാങ്ങുന്നു? പുത്രന്മാരോടോ അന്യന്മാരോടോ" എന്ന് മുന്നിട്ട് ചോദിച്ചതിന്നു, "അന്യന്മാരോട്" എന്ന് അവൻ പറഞ്ഞു. 26യേശു അവനോട്, "എന്നാൽ പുത്രന്മാർ ഒഴിവുള്ളവരല്ലൊ. 27എങ്കിലും, നാം അവർക്ക് ഇടർച്ച വരുത്താതിരിക്കേണ്ടതിന്ന്, നീ കടലിലേക്ക് ചെന്നു ചൂണ്ടൽ ഇട്ട് ആദ്യം കിട്ടുന്ന മീനിനെ എടുക്ക; അതിന്റെ വായ് തുറക്കുമ്പോൾ, ഒരു ചതുർദ്രഹ്മ പണം കാണും. അത് എടുത്ത് എനിക്കും നിനക്കും വേണ്ടി കൊടുക്ക എന്നു പറഞ്ഞു."**

**വാക്യം 24.** ഫിലിപ്പിന്റെ കൈസര്യയിലേക്ക് യാത്ര ചെയ്തശേഷം (16:13), മറുരൂപ മലയിലേക്കു പോകുകയും (17:1), യേശുവും ശിഷ്യന്മാരും ഗലീലയിൽ തിരിച്ച് വന്നു (17:22) **കഫർന്നഹൂമിലേക്ക്** പോകുകയും ചെയ്തു.ആ പട്ടണത്തിലേക്ക് യേശു അവസാനയാത്ര ആയിരിക്കാം നടത്തിയത്-യെരുശലേമിൽ മരിപ്പാൻ പോകുന്നതിനു മുമ്പ്, അവന്റെ പ്രവർത്തനങ്ങൾ മുഖ്യമായും അവിടെയായിരുന്നു (19:1; 21:1 നോക്കുക).

ദൈവാലയ ചുങ്കമായിരുന്നു രണ്ട് ദ്രഹ്മപണം. ആരംഭത്തിൽ അത് ഒരു കട-പ്പാട് ആയിരുന്നു (അര-ശേക്കേൽ), സമാഗമനകൂടാരത്തിന്റെ അറ്റകുറ്റ പണികളുടെ ആവശ്യത്തിനായി ന്യായപ്രമാണം ആവശ്യപ്പെട്ടതായിരുന്നു അത് (പുറ. 30:11-16). അതു വർഷത്തിലൊരിക്കൽ പിരിക്കേണ്ടതാണോ എന്നു

ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. അത്, താൽക്കാലികമായിട്ടായിരുന്നു പരിശീലനത്തിലിരുന്നത്. എങ്ങനെയായാലും, ആവശ്യമുള്ള സന്ദർഭങ്ങളിൽ ആവശ്യമനുസരിച്ച് പുതുക്കുകയും ചെയ്യുമായിരുന്നു (2 ദിന. 24:6, 9; നെഹെ. 10:32).[7] യേശുവിന്റെ കാലത്ത്, ഇരുപതു വയസിനു മുകളിലുള്ള എല്ലാ പുരുഷന്മാരിൽനിന്നും വർഷത്തിലൊരിക്കൽ നികുതി പിരിച്ചിരുന്നു.

യെരുശലേമിലെ ദൈവാലയത്തിലുള്ള ഉദ്യോഗസ്ഥരായിരുന്നു **നികുതി പിരിച്ചിരുന്നത്**. പെസഹായ്ക്ക് മുൻപുള്ള (നിസാൻ) ആദാർ മാസത്തിൽ യെരുശലേമിൽ നിന്നെല്ലാം നികുതി പിരിക്കുവാനായി അവരെ അയക്കുമായിരുന്നു. ദിയാസ്പോരയിൽ വിദേശത്തും നികുതി പിരിച്ചിരുന്നു.[8] ആ നികുതി തുടർച്ചയായി പിരിക്കുവാൻ റോമാക്കാർ യെഹൂദ മതാദ്ധ്യക്ഷന്മാരെ അനുവദിച്ചിരുന്നു. ഏ. ഡി. 70-ൽ ദൈവാലയം നശിപ്പിച്ചശേഷം, ആ രണ്ട് ദ്രഹ്മപണം എന്ന നികുതി റോമിലെ കാപ്പിറ്റോളിനസ് ജൂപിറ്റർ ദേവാലയത്തിനു നൽകുവാൻ വെസ്പേഷ്യൻ ചക്രവർത്തി കൽപിച്ചു.[9] ദേശസ്നേഹത്തിന്റെ അടയാളത്തിനു പകരം, ഇപ്പോൾ യെഹൂദന്മാർ റോമിനു കീഴ്പ്പെട്ടു എന്നതിന്റെ ഓർമ്മയായി മാറി.

ഒരിക്കൽ കൂടെ, ഈ അവസരത്തിലും **പത്രൊസ്** പ്രധാനപ്പെട്ട ഒരു പങ്ക് വഹിക്കുന്നു (14:28–32; 15:15; 16:16–19, 22, 23; 17:4). ചുങ്കം പിരിക്കുന്നവർ അവനോട് ചോദിച്ചു, **"നിങ്ങളുടെ ഗുരു ദ്വിദ്രഹ്മപണം നൽകുന്നില്ലയോ?"** ആ ചോദ്യത്തിന്റെ ഗ്രീക്ക് ഘടന നിഷേധ രൂപത്തിലാണ് *ഒയു* ഉപയോഗിച്ചിരിക്കുന്നത്, അതിന് ഉറപ്പായ ഉത്തരമാണ് പ്രതീക്ഷിക്കുന്നത്. നികുതി കുടിശികയായിരിക്കുന്നു എന്നു സൗമ്യമായിട്ടാണ് ആ നികുതിപിരിക്കുന്നവർ പത്രൊസിനോട് പറഞ്ഞത് എന്നാണ് ലിയോൺ മോറിസ് വിചാരിച്ചത്.[10] എന്നാൽ ആ ചോദ്യം പത്രൊസിനേയും (യേശുവിനേയും) കുടുക്കുവാനായിരുന്നു എന്നാണ് മൈക്കിൾ ജെ. വിൽകിൻസ് വിചാരിച്ചത്. എങ്ങനെയായാലും, ആരാണ് നികുതി കൊടുക്കേണ്ടത് എന്ന കാര്യത്തിൽ യെഹൂദന്മാർക്കിടയിൽ വാദം ഉയർന്നിരുന്നു.[11] ആ ദൈവാലയ ഉദ്യോഗസ്ഥന്മാർ, യേശു ചുങ്കം കൊടുക്കുന്നില്ല എന്ന ആരോപണം ഉന്നയിക്കുവാൻ ശ്രമിച്ചതുമാകാം.[12]

**വാക്യം 25.** യേശു ദൈവാലയ നികുതി കൊടുക്കുന്നുണ്ടോ എന്നു ചോദിച്ചപ്പോൾ, പത്രൊസ് ഉത്തരം പറഞ്ഞത് "ഉവ്വ്" എന്നാണ്. പത്രൊസ് ഏതാണ്ട് മൂന്നു വർഷത്തോളം യേശുവിനോടുകൂടെ ആയിരുന്നതിനാൽ, മുൻപെല്ലാം യേശു വാർഷിക നികുതി കൊടുക്കുന്നത് അവൻ കണ്ടിരിക്കാം.

പത്രൊസ് **വീട്ടിൽ** വന്നപ്പോൾ, ആദ്യം **യേശു അവനോട് സംസാരിച്ചു.** പത്രൊസിന് അവസരം ലഭിക്കുന്നതിനു മുൻപ് തന്നെ അവൻ സംസാരിച്ചു. കർത്താവ് അവരുടെ സംഭാഷണം ഒരുപക്ഷെ കേട്ടിരിക്കാം, അല്ലെങ്കിൽ അത്ഭുതകരമായി മുൻപെ അറിഞ്ഞിരിക്കാം (9:4; 12:25). **"ശിമോനേ, നിനക്ക് എന്തു തോന്നുന്നു?"** എന്ന ചോദ്യവുമായാണ് യേശു ആരംഭിക്കുന്നത്. ഒരു കാര്യത്തെ കുറിച്ചുള്ള ചിന്ത അവരിൽ ഉണർത്തുവാനായി ഇതുപോലെയുള്ള ചോദ്യങ്ങൾ പലപ്പോഴും ചോദിച്ചിട്ടുണ്ട് (18:12; 21:28; 22:42). അവൻ തുടർന്നു, **"ഭൂമിയിലെ രാജാക്കന്മാർ ചുങ്കമോ കരമോ ആരോട് വാങ്ങുന്നു? അന്യരോടോ പുത്രന്മാരോടോ?"** "ഭൂമിയിലെ രാജാക്കന്മാരുടെ" അല്ലെങ്കിൽ അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്ന ഭരണാധികാരികളുടെ സമ്പ്രദായമാണ് സാദൃശ്യമായി പറയുന്നത് (1 രാജാ. 4:34; സങ്കീ. 2:2). വിവിധ രീതിയിലുള്ള നി

കുതിയെ പറ്റി പറഞ്ഞിട്ടുണ്ട്. "തീരുവ" (*ടെലോസ്*) സാധനങ്ങളിന്മേൽ ചുമത്തുന്ന ചുങ്കമാണ് (9:9), എന്നാൽ ജനസംഖ്യാടിസ്ഥാനത്തിൽ പിരിക്കുന്ന ചുങ്കത്തിനാണ് "പോൾ-ടാക്സ്" (*കെൻസോസ്*) എന്നു പറയുന്നത് (22:17). അത് *സെൻസസ്* എന്ന ലാറ്റിൻ വാക്കിൽനിന്നു രൂപപ്പെട്ടതാണ്.

**വാക്യം 26. "അന്യന്മാരോട്" എന്നു പത്രൊസ് പറഞ്ഞപ്പോൾ, "അപ്പോൾ, പുത്രന്മാർ ഒഴിവുള്ളവരല്ലയോ" എന്നാണ് യേശു മറുപടി പറഞ്ഞത്**. ഒരു ഭരണാധികാരിയുടെ സ്വന്തം പ്രജകൾ നികുതിയിൽനിന്ന് ഒഴിവുള്ളവരാണ്. യേശു ദൈവത്തിന്റെ പുത്രൻ ആകയാലും (16:16; 17:5), ദൈവാലയം അവന്റെ പിതാവിന്റെ പ്രാർത്ഥനാലയം ആകയാലും (ലൂക്കൊ. 2:49; യോഹ. 2:16; 12:6 നോക്കുക), അവനെ ദൈവാലയ നികുതിയിൽനിന്ന് ഒഴിവാക്കണമായിരുന്നു. എങ്ങനെയായാലും, ദൈവം തന്റെ മകന് നികുതി ചുമത്തുകയില്ല. അതുപോലെ തന്റെ ഭവനത്തിലേക്ക് മക്കളായി ദത്തെടുത്തിരിക്കുന്ന, ശിഷ്യന്മാരേയും നികുതിയിൽനിന്ന് ഒഴിവാക്കണം.

**വാക്യം 27.** ദൈവാലയത്തിലെ ഉദ്യോഗസ്ഥന്മാർക്ക് ഇടർച്ച വരുത്താതിരിക്കുവാൻ നികുതി കൊടുക്കുക എന്നാണ് യേശു പറഞ്ഞത്. അനാവശ്യമായി ആളുകൾക്ക് ഇടർച്ച വരുത്തരുത് എന്നാണ് യേശു പഠിപ്പിച്ചിരുന്നത് (18:5-7), ചിലപ്പോൾ, യേശു-വിശ്വാസസംബന്ധമായ കാര്യത്തിൽ-മറ്റുള്ളവർക്ക് ഇടർച്ച വരുത്തിയാലും കുഴപ്പമില്ല എന്ന് കാണിച്ചിട്ടുണ്ട് (13:57; 15:12-14).

ഈ ചുങ്കം കൊടുക്കുവാൻ പറഞ്ഞത് ഏറ്റവും അസാധാരണമായ രീതിയിലാണ്. കടലിൽ പോയി ചൂണ്ടൽ ഇടുവാനാണ് കർത്താവ് പത്രൊസിനോട് പറഞ്ഞത്. വലകൾ ഉപയോഗിച്ച് ഗലീലാ കടലിൽ മീൻ പിടിക്കുന്നതിനെ കുറിച്ച് വേദഭാഗങ്ങളിൽ പറയുന്നുണ്ട്. പക്ഷെ ചൂണ്ടൽ ഉപയോഗിച്ച് മീൻ പിടിക്കുവാൻ പറയുന്നത് ഇവിടെ മാത്രമാണ്. ആദ്യം കിട്ടുന്ന **മീനിന്റെ വായ് തുറക്കുമ്പോൾ കിട്ടുന്ന ഒരു ശേക്കേൽ** അവനും കർത്താവിനുമായി കൊടുക്കുവാനായിരുന്നു നിർദ്ദേശം.[13]

ഒരു "ശേക്കേൽ" അക്ഷരികമായി ഒരു "സ്റ്റാറ്റർ" (*സ്റ്റാറ്റെർ*) ആണ്, അത് നാല് ദ്രഹ്മക്ക് തുല്യമായിരുന്നു.[14] ചുങ്കമായി രണ്ടുപേർക്ക് രണ്ട്-ദ്രഹ്മ (അര ശേക്കേൽ) കൊടുത്താൽ മതിയാകും. യേശുവിന്റെ കാലത്ത് വിരളമായി കണ്ടിരുന്ന നാണയമായിരുന്നു ദ്വിദ്രഹ്മ പണം. അത് യോജിപ്പിച്ച്, രണ്ടുപേർക്കുള്ള ചുങ്കമായി ചതുർദ്രഹ്മ പണം, അല്ലെങ്കിൽ *സ്റ്റാറ്റെർ* കൊടുക്കാമായിരുന്നു.[15]

കർത്താവിന്റെ അത്ഭുതത്തിന് പല വിധത്തിലുള്ള പ്രത്യേകതയുണ്ടായിരുന്നു. രേഖപ്പെടുത്തിയിട്ടുള്ള അവന്റെ അത്ഭുതങ്ങളിൽ ഇതൊന്നു മാത്രം (1) പണവുമായി ബന്ധപ്പെട്ടത്, (2) തന്റെ പ്രത്യേക ഗുണത്തിന്, (3) ഉൾപ്പെട്ടിരുന്നത് ഒരു മീൻ മാത്രം, (4) അതിന്റെ ഫലത്തെ കുറിച്ച് പറയുന്നില്ല. ഉദാഹരണമായി വാസ്തവത്തിൽ എത്ര മീൻ പിടിച്ചു എന്നു പറയുന്നില്ല. വിശദമായ ഫലത്തെ കുറിച്ചു പറയുന്നില്ലെങ്കിലും, അത്ഭുതം സംഭവിക്കുമെന്ന് അവന്റെ വാഗ്ദാനം ഉറപ്പിക്കുന്നു.

ദൈവം തന്റെ മക്കൾക്ക് നൽകുമെന്ന് അടിവരയിടുന്നതാണ് ഈ അത്ഭുതം. അത്തി ഉണങ്ങി പോയതുപോലെ (21:19), ഈ അത്ഭുതവും അടിസ്ഥാനപരമായ സത്യത്തിന്റെ ഒരു "അടയാളം" നൽകുന്നു.[16] സത്യം ഇതാണ്: ദൈവം തനിക്കുള്ളവർക്കു നൽകും. ക്രെയിഗ് എസ്. കീനെർ ഇങ്ങനെ പറഞ്ഞു: "രാജാവിന്റെ മക്കൾക്ക് രാജാവ് നൽകുന്നതുകൊണ്ട്, അവർക്ക് നി

കുതി കൊടുക്കുവാൻ കഴിയും."[17]

**പാഠങ്ങൾ**

**കടുക് മണിയുടെ തത്വങ്ങൾ (17:20)**

നാം ശക്തിയുള്ളവയെ കുറിച്ച് ചിന്തിക്കുമ്പോൾ, നമ്മുടെ മനസിലേക്ക് വരുന്നത് വലിയ വസ്തുക്കളോ വലിയ വ്യക്തികളോ ആയിരിക്കും. എങ്ങനെയായാലും, യേശു തന്റെ ശിഷ്യന്മാർക്ക് ശക്തിയെ മനസിലാക്കി കൊടുക്കുവാൻ ചെറിയ വസ്തുക്കളെയാണ് ഉപയോഗിച്ചത്. യേശുവിന്റെ വാക്കുകളിൽ, കടുകുമണി വളരെ ചെറുതാണെങ്കിലും, അതിന് ബലവും ശക്തിയുമുള്ളതായി കാണാം (13:31, 32; ലൂക്കൊ. 17:6). ആ വിത്തിന് അതിന്റെ അന്തിമ ലക്ഷ്യത്തിലെത്തുവാൻ, ആദ്യം അതിനെ നടണം.

17:20 ലെ നമ്മുടെ കർത്താവിന്റെ ചെറിയ പ്രസ്താവനയിൽ, കടുകുമണിയുടെ പല തത്വങ്ങളും കാണാം. ആ തത്വങ്ങളുടെ പരിശീലനത്തിന് വിശ്വാസം ആവശ്യമാണ് (17:14–21). അവയിൽ ചിലത് നമുക്ക് പരിശോധിക്കാം.

1. കൂടുതൽ ചെയ്യുവാൻ അത് കുറച്ചു മാത്രം മതി.
2. നല്ല വിളവ് ലഭിക്കുവാൻ, തുടർച്ചയായ തയ്യാറെടുപ്പും, നടുന്നതിന് പരിശീലനവും ആവശ്യമാണ്.
3. പ്രാർത്ഥനയോടെ, ദൈവ വചനം പഠിച്ച് പഠിപ്പിക്കുമ്പോൾ, നാം "കടുകുമണി" നടുകയാണ്, സുവിശേഷം മറ്റുള്ളവരോട് പങ്കിടുമ്പോഴും, നമ്മെയും നമുക്കുള്ളതും നൽകുമ്പോഴും, നമ്മുടെ അനുഗ്രഹങ്ങൾ പങ്കിടുമ്പോഴും നാം അതാണ് ചെയ്യുന്നത്.
4. ചിന്തിക്കുന്നതും സംസാരിക്കുന്നതും മാത്രമല്ല, നമ്മുടെ കടുകു മണി നടുന്നത്, മറിച്ച്, അത് പ്രവൃത്തിപഥത്തിലേക്ക് കൊണ്ടുവരണം. കാലാവസ്ഥ അനുകൂലമെങ്കിൽ ആവശ്യമായത് ചെയ്തതിന്റെ ഫലം പുറപ്പെടുവിക്കും.

---

കുറിപ്പുകൾ

[1]"ലുണറ്റിക്" എന്ന ഇംഗ്ലീഷ് വാക്ക് *ലുണറ്റിക്കസ്* എന്ന ലാറ്റിൻ വാക്കിൽനിന്നു രൂപപ്പെട്ടതാണ്, "ചന്ദ്രൻ" എന്നതിനുള്ള ലാറ്റിൻവാക്കു (*ലൂണാ*) മായി അതിനു ബന്ധമുണ്ട്. [2]വില്യം ബാർക്ലേ, *ദ ഗോസ്പെൽ ഓഫ് മാത്യു,* വാല്യം. 2, 2 ഡ് എഡി., ദ ഡെയ്‌ലി സ്റ്റഡി ബൈബിൾ (ഫിലദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1958), 184–85. നോക്കുക താൽമൂദ് *സാൻഹേദ്രൻ* 24 ബി; *ബാബാ ബാത്രാ* 3ബി; *ബെരാക്കൊത്ത്* 64 എ. [3]ബ്രൂസ് എം. മെറ്റ്സ്ജെർ, *ഏ ടെക്സ്ചൽ കമെന്ററി ഓൺ ദ ഗ്രീക്ക് ന്യൂ ടെസ്റ്റമെന്റ്*, 2 ഡ് എഡി. (സ്റ്റട്ട്ഗാർട്ട്: ജെർമ്മൻ ബൈബിൾ സ്വസൈറ്റി, 1994), 35, 85. [4]"ഡെലിവർ" എന്നതിന്റെ ഗ്രീക്ക് വാക്ക് (പാരാഡിഡോണി) സുവിശേഷങ്ങളിൽ പലപ്പോഴും യൂദാ ഒറ്റിക്കൊടുക്കുന്നതിനെയാണ് പറയുന്നത്. എങ്ങനെയായാലും, മറ്റു സന്ദർഭങ്ങളിൽ ആ വാക്ക് പ്രകടിപ്പിക്കുന്നത് പുത്രൻ ദൈവത്തിന്റെ പരമാധികാരത്തിനു കീഴ്പ്പെട്ട് കഷ്ടതയേറ്റ് മരിക്കുവാൻ തിരഞ്ഞെടുത്തു എന്നതാണ് (യെശ. 53:6, 12 ധLXXവ; റോമ. 4:25; 8:32.) [5]യേശുവിനെ പിടിക്കുവാൻ യെഹൂദ ഉദ്യോഗസ്ഥന്മാർ പോയപ്പോൾ റോമൻ പടയാളികൾ അവർക്ക് അകമ്പടിസേവകരായി പോയിരുന്നു (യോഹ. 18:3, 12). [6]ഏ. ഡി., ഒന്നാം നൂറ്റാണ്ടിൽ, ദ്വി-ദ്രഹ്മ പണം (ഡിഡ്കാക്മാ) അര-ശേക്കേലിനു തുല്യമായിരുന്നു (ജോസെഫസ് *ആന്റികിറ്റിസ്* 3.8.2.) [7]മിഷ്ണാ

*ഷെക്കാലിം* 2.4. [8]ഇബിഡ്., 1.1, 3 ജോസെഫസ് *ആന്റികിറ്റിസ്* 16.2.3; 16.6.2–5; 18.9.1 [9]ജോസെഫസ് *വാഴ്സ്* 7.6.6; ഡിയോകോസിയസ് *റോമൻ ഹിസ്റ്ററി* 65.7.2; സൂയെറ്റോണിയസ് *ലൈവ്സ് ഓഫ് ദ സീസേഴ്സ്: ഡൊമീഷ്യൻ* 12.2. [10]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 452.

[11]മിഷ്ണാ അനുസരിച്ച്, ലേവ്യരും, യിസ്രായേല്യരും, യെഹൂദമതാനുസാരികളും, സ്വതന്ത്രരാക്കപ്പെട്ട ദാസന്മാരും ചുങ്കം കൊടുക്കുവാൻ കടപ്പെട്ടിരുന്നു. സ്ത്രീകൾക്കും, അടിമകൾക്കും, കുട്ടികൾക്കും നികുതിയില്ലായിരുന്നു, എന്നാൽ അവർ പണം കൊടുത്താൽ സ്വീകരിക്കുമായിരുന്നു. പുരോഹിതന്മാർ നികുതി കൊടുക്കണോ എന്നത് ചോദ്യം ചെയ്യപ്പെട്ടിരുന്നു. ജാതികളുടേയും ശമര്യക്കാരുടേയും പണം സ്വീകരിച്ചിരുന്നില്ല (മിഷ്ണാ *ശക്കേലിം* 1.3–5.) ചാവുകടൽ ചുരുൾ അനുസരിച്ച്, ക്വമ്റാനിൽ താമസിച്ചിരുന്നവർ വർഷത്തിലൊരിക്കൽ നികുതി കൊടുക്കുന്നതിനു പകരം ജീവിതത്തിൽ ഒരിക്കൽ മാത്രം നൽകിയാൽ മതിയായിരുന്നു (*ഓർഡിനൻസ് ഓഫ് ബിബിളിക്കൽ ലാസ്.*) [12]മൈക്കിൾ ജെ. വിൽക്കിൻസ്, "*മാത്യു*," *ഇൻ സോണ്ടർവാൻ ഇല്ലസ്ട്രേറ്റഡ് ബൈബിൾ ബാക്ഗ്രൗണ്ട്സ് കമെന്ററി.* വാല്യം. 1, *മാത്യു, മാർക്ക്, ലൂക്ക്,* എഡി. ക്ലിന്റൺ ഈ. ആർണോൾഡ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 2002), 110. [13]മീനിന്റെ ഉള്ളിൽ വിലയേറിയ വസ്തുക്കൾ കാണുന്നതിൽ-മുദ്രാ മോതിരവും, വിലയേറിയ രത്നവും ഉൾപ്പെടുന്നു-കൂടാതെ പുരാതന സാഹിത്യത്തിലും കാണാം (ഹെരോഡോട്ടസ് 3.41, 42; താൽമൂദ് *ഷാബോത്ത്* 119എ.) [14]ജോസെഫസ് *ആന്റികിറ്റിസ്* 3.8.2. [15]ഡേവിഡ് ഹിൽ, *ദ ഗോസ്പെൽ ഓഫ് മാത്യു,* ദ ന്യു സെഞ്ചുറി ബൈബിൾ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ്, പബ്ലിഷിങ് കമ്പനി., 1972), 271–72. [16]നോക്കുക ഡൊണാൾഡ് ഏ. ഹാഗ്നെർ, *മാത്യു 14–28.* വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം 33ബി, (ഡള്ളാസ്: വേർഡ് ബുക്ക്സ്, 1995), 512. [17]ക്രെയിഗ് എസ്. ഹാഗ്നെർ, *ഏ കമെന്ററി ഓഫ് ദ ഗോസ്പെൽ ഓഫ് മാത്യു*, (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1999), 446.